**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5200** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാവ് പുറമ്പോക്ക്, ചിറ പുറമ്പോക്ക് എന്നിവിടങ്ങളിൽ കൈവശരേഖകളോട്ടുകൂടി താമസിച്ച് വരുന്നവർക്ക് പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകേണ്ടത് ആർക്കാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (എ) | കാവ് പുറമ്പോക്ക്, ചിറ പുറമ്പോക്ക് എന്നിവ നിലവിലെ ഭൂമി പതിവ് നിയമപ്രകാരം പതിവിന് വിധേയമല്ലാത്ത സാഹചര്യത്തിലാണ് അത്തരം കേസുകളിൽ കൈവശരേഖ നൽകുന്നത്. പതിവിന് വിധേയമായ ഭൂമിയിന്മേലുള്ള പതിവ് അപേക്ഷ, പഞ്ചായത്ത് പരിധിയിൽ തഹസിൽദാർക്കും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ജില്ലാകളക്ടർക്കുമാണ് സമർപ്പിക്കേണ്ടത്. പട്ടയ അപേക്ഷയ്ക്കൊപ്പം കൈവശം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ, റേഷൻകാർഡ്, ആധാർ എന്നിവ സമർപ്പിയ്ക്കേണ്ടതാണ്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജുകളിൽ നിന്ന് പ്രസ്തുത ആവശ്യം മുൻനിർത്തി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകളുണ്ടോ; എങ്കിൽ ആയത് തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ സഹിതം അപേക്ഷകളുടെ വിശദാംശം അറിയിക്കാമോ? | (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ വില്ലേജുകളിൽ നിന്നും 28.02.2023 തീയതിവരെ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നതും, കാവ്/ചിറ പുറമ്പോക്കിൽ ഉൾപ്പെട്ടതുമായ 6 കേസുകൾ ഉള്ളതാണ്. ടി കേസുകളിൽ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുള്ളതിനാൽ ആയതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ കൊല്ലം ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ